പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 7 06-01-2014-ൽ മറുപടിയ്ക്ക്

## വർഗ്ഗീയ സംഘർഷങ്ങൾ ഇല്ലാതാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ഡോ. കെ.ടി. ജലീൽ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വർഗ്ഗീയ സംഘർഷങ്ങൾ രാജ്യത്തെ ജനാധിപത്യ വ്യവസ്ഥയ്ക്ക് വെല്ലുവിളി ഉയർത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ സംസ്ഥാനത്ത് സാമുദായിക ധ്രുവീകരണത്തിനിടയാക്കുന്ന തരത്തിലുള്ള നടപടികൾ ഇല്ലാതാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) കേരളത്തിന്റെ മഹത്തായ മതനിരപേക്ഷ പാരമ്പര്യം കാത്തുസൂക്ഷിക്കുവാനും സാമുദായിക ഐക്യം നിലനിർത്തുന്നതിനും വേണ്ടി വർഗ്ഗീയ പ്രശ്നസാധ്യതാ പ്രദേശങ്ങളിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. എല്ലാ രാഷ്ട്രീയ കക്ഷികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മേളനങ്ങൾ നടത്തി മാതൃകാ പെരുമാറ്റച്ചട്ടം രൂപീകരിക്കുന്നതിനും അഭിപ്രായസമന്വയം ഉണ്ടാക്കുവാനും നടപടി കൈക്കൊണ്ടിട്ടുണ്ട്.<br>2. മതസൗഹാർദ്ദ അവലോകന മീറ്റിംഗുകൾ സർവ്വമതനേതാക്കളേയും ഉൾപ്പെടുത്തിക്കൊണ്ട് സമയാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>3. മതസൗഹാർദ്ദത്തിനു ഹാനികരമാകത്തക്ക രീതിയിലുള്ള പെയിന്റിംഗുകൾ, തോരണങ്ങൾ, ചുവരെഴുത്തുകൾ, സാമുദായിക അടിസ്ഥാനത്തിലുള്ള ബസ് വെയിറ്റിംഗ് ഷെഡുകൾ തുടങ്ങിവയ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. |

4. പ്രാദേശികമായി സർക്കിൾ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ കമ്മ്യൂണൽ ഹാർമണി യോഗങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

5. ആരാധനാലയങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണ പ്രവർത്തനങ്ങളും സാമുദായിക ധ്രുവീകരണത്തിനു കാരണമാകുമെന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനു ജില്ലാ അധികാരികളുടെ മുൻകൂർ അനുമതി നിർബന്ധമാക്കിയിട്ടുണ്ട്.

6. ഇതുകൂടാതെ സംസ്ഥാനത്തെ ഏറ്റവും അധികം വർഗീയസംഘർഷ സാദ്ധ്യതാ പ്രദേശമായ കാസർഗോഡ് ജില്ലയിൽ മത സൗഹാർദ്ദം നിലനിർത്താൻ വേണ്ടി റസിഡന്റ് അസോസിയേഷനുകളെ ഉൾപ്പെടുത്തി 'പൊൻപുലരി', കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'ഉണർവ് ', വനിതകളെ ഉൾപ്പെടുത്തി 'സുജല', അദ്ധ്യാപകരെ ഉൾപ്പെടുത്തി 'അർപ്പണം', സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി 'സേവന', വ്യവസായികളെയും കച്ചവടക്കാരെയും ഉൾപ്പെടുത്തി 'ദർപ്പണം' എന്നീ പേരുകളിൽ ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശപ്രകാരം ജില്ലാ പോലീസിന്റെ "we are one" എന്ന ആശയ പ്രചരണാർത്ഥം, പൊതുജന കൂട്ടായ്മ ഊർജിതമായി പ്രവർത്തിച്ചുവരുന്നുണ്ട്.

| | |
|---|---|
| (സി) സർക്കാരിന്റെ തന്നെ നടപടികൾ സാമുദായിക ധ്രുവീകരണത്തിനിടയാക്കുന്നുവെന്ന ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ടു ചെയ്യപ്പെട്ട വർഗ്ഗീയ സംഘർഷങ്ങൾ ഏതൊക്കെയായിരുന്നു; വിശദമാക്കാമോ ? | (ഡി) ഈ സർക്കാരിന്റെ കാലയളവിൽ വർഗ്ഗീയ സംഘർഷങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ